Madhyamam Daily 10 October 2010

# ഗ്രാമീണ വായനശാലകളുടെ മുഖം മാറ്റി 'മീര' യാത്ര തുടങ്ങി

തൃശൂർ: ഗ്രാമീണ വായനശാലകളുടെ അലകും പിടിയും മാറ്റുന്ന നൂതന കമ്പ്യൂട്ടർവത്കരണ പദ്ധതിക്ക് തൃശൂരിൽ തുടക്കം. ഗ്രാമീണ വായനശാലകൾക്കായി പ്രത്യേകം നിർമിച്ച മീര ലൈബ്രറി മാനേജ്മെൻറ് സിസ്റ്റമാണ് (എൽ.എം.എസ്) ഗ്രാമങ്ങളിലേക്ക് യാത്ര തുടങ്ങിയത്. തൃശൂർ നഗരത്തിനടുത്ത കോലഴി ഗ്രാമീണ വായനശാലയിൽ മീര ഞായറാഴ്ച ഇൻസ്റ്റാൾ ചെയ്തു. തിരുനാവായ ശ്രീശങ്കരാചാര്യ യൂനിവേഴ്സിറ്റിയുടെ ഓഫ് കാമ്പസിൽ ഇത് തിങ്കളാഴ്ച നിലവിൽ വരും. സംസ്ഥാനത്ത് ആദ്യമായാണ് ഒരു ഗ്രാമീണ വായനശാലയിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നത്.

'ലിനക്സ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന മീര' പീച്ചി കേരള വനഗവേഷണ കേന്ദ്രത്തിലെ അസി. ലൈബ്രേറിയൻ കെ.എച്ച് ഹുസൈനാണ് രൂപകൽപന ചെയ്തത്. ലിനക്സ് വിദഗ്ധരായ കെ.പി.എൻ. ഉണ്ണിയും ആർ. രാകേഷുമാണ് ഇതിന്റെ പ്രോഗ്രാം നിർവഹിച്ചത്. യൂനികോഡിനനുസൃതമായി രൂപകൽപന ചെയ്ത 'മീര' വഴി മലയാളം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ്, കന്നട, അറബിക്, ഉർദു ഭാഷകളിലെ പുസ്തകങ്ങളുടെ ഇലക്ട്രോണിക് കാറ്റലോഗ് അതതു ലിപി ഉപയോഗിച്ച് ഉണ്ടാക്കാൻ കഴിയും. ഇതുവഴി പുസ്തകങ്ങളുടെ വിവരാന്വേഷണവും വിതരണവും സുഗമമാക്കാം.

മലയാളത്തിൽ പ്രസിദ്ധീകരിച്ച 52,000 പുസ്തകങ്ങളുടെ ശേഖരമായ www.malayalagrandham.com വെബ്സൈറ്റുമായി നേരിട്ട് ബന്ധിപ്പിച്ചതിനാൽ മീരയിൽ കാറ്റലോഗ് നിർമിതി വളരെ എളുപ്പമാണ്. വെബ്സൈറ്റിലെ എല്ലാ ഗ്രന്ഥങ്ങളും ശാസ്ത്രീയമായി 400 വിഭാഗങ്ങളിൽ (ഡി.ഡി.സി – ഡ്യൂവി ഡെസിമൽ ക്ലാസിഫിക്കേഷൻ) വർഗീകരിച്ചിരിക്കുന്നതിനാൽ ഡാറ്റാ എൻട്രി പൂർത്തിയാകുന്നതോടെ ലൈബ്രറി ആധുനികമായി സംവിധാനം ചെയ്യപ്പെടും. ലിനക്സ് പ്ലാറ്റ്ഫോമിൽ സ്വതന്ത്രമായാണ് മീര സംവിധാനം ചെയ്യപ്പെട്ടത്. രണ്ട് മണിക്കൂർ കൊണ്ട് ഇൻസ്റ്റാളേഷനും പഠനവും പൂർത്തിയാക്കാനാവും. അഞ്ച് ലക്ഷം പുസ്തകങ്ങൾ കൈകാര്യം ചെയ്യാൻ ശേഷിയുണ്ട്.

1951ൽ ആരംഭിച്ച കോലഴി വായനശാലയിൽ ഇപ്പോൾ 15,000ത്തോളം ഗ്രന്ഥങ്ങളും അഞ്ഞൂറിലേറെ അംഗങ്ങളും ഉണ്ട്. ലൈബ്രറി ഭാരവാഹികളായ ഉണ്ണി, അജിതൻ, സവിത, മുരളി, ആൻറണി, ബാലചന്ദ്രൻ, സുലോചന എന്നിവരാണ് ഇതിന് മുൻകൈയെടുത്തത്.